പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5230 — 24.10.2011- ലെ മറുപടി

<u>ബസ് സർവ്വീസ് എം.പി. ഫ്ളാഗ് ഓഫ് ചെയ്ത സംഭവം</u>

<u>ചോദ്യം</u> — <u>ഉത്തരം</u>

ശ്രീ. തോമസ് ചാണ്ടി

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | നിയമസഭാ സമ്മേളന സമയത്ത് തിരുവല്ല ഡിപ്പോയിൽ നിന്നും കുട്ടനാട്ടിലേയ്ക്ക് ആരംഭിച്ച ബസ് സർവ്വീസ് എം.പി. ഫ്ളാഗ് ഓഫ് നിർവ്വഹിച്ചത് ആരുടെ നിർദ്ദേശ പ്രകാരമാണെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി. യുടെ അറിവോടെയോ കെ.എസ്.ആർ.ടി.സി. അധികൃതരുടെ നിർദ്ദേശത്തോടെയോ ഡിപ്പോ പരിസരത്ത് പുതിയ സർവ്വീസുകൾ ഒന്നുംതന്നെ എം.പി. ഫ്ളാഗ് ഓഫ് ചെയ്തിട്ടില്ല. |
| (ബി) | പ്രോട്ടോക്കോൾ ലംഘിച്ച് ഉദ്യോഗസ്ഥരും ഏതാനും രാഷ്ട്രീയ പ്രതിനിധികളും മാത്രം പങ്കെടുത്ത മീറ്റിംഗിനെക്കുറിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തുമോ ; | (ബി) യും (സി) യും | തലവടി പാരത്തോട് സാരഥി സാംസ്ക്കാരികവേദി എന്ന പേരിലുള്ള സംഘടന സംഘടിപ്പിച്ച പൊതു പരിപാടിയിൽ ക്ഷണിച്ചതിൻ പ്രകാരം തിരുവല്ല എ.റ്റി.ഒ. ബന്ധപ്പെട്ട പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി. ഇത്തരം ഒരു പരിപാടി സംഘടിപ്പിച്ചിട്ടുള്ള വിവരം എടത്വ ഇൻസ്പെക്ടർ ഇൻ ചാർജ്ജ് എം.എൽ.എ. യെ കത്ത് മുഖേനയും ഫോൺ മുഖാന്തിരവും അറിയിച്ചിട്ടുണ്ട് |
| (സി) | പ്രോട്ടോക്കോൾ ലംഘിച്ച് മീറ്റിംഗ് വിളിച്ചുകൂട്ടിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ